Draft #1 of File 145289/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 27-Sep-2022 03:17 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾ - പരീക്ഷാഫീസിനു പുറമെ 13,000/-രൂപ (പതിമൂവായിരം രൂപ മാത്രം) പ്രത്യേക ഫീസ് ആയി ഈടാക്കുവാൻ തീരുമാനിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 10011/AC A 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.09.2022

---

*പരാമർശം:*-1) 30.04.2022 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ - 4576/EA 1/2022/എം.ജി.യു

2) 23.08.2022 - ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 190/22.05/128751/EA 1-3/2021

**ഉത്തരവ്**

വിവിധ കോഴ്സുകളുടെ റെഗുലേഷൻ പ്രകാരം അനുവദനീയമായിട്ടുള്ള റഗുലർ അവസരങ്ങൾ, കോഴ്സ് കാലാവധിയ്ക്കുള്ളിലും അതിനു ശേഷവും വരുന്ന സപ്ലിമെന്ററി അവസരങ്ങൾ, ശേഷം അനുവദനീയമായ മൂന്നു മേഴ്സി ചാൻസ് അവസരങ്ങൾ എന്നിവ വിനിയോഗിച്ചു കഴിഞ്ഞ വിദ്യാർത്ഥികൾ പരീക്ഷയിൽ വിജയിക്കാതെ വീണ്ടും പരീക്ഷ എഴുതാനുള്ള അവസരത്തിനായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ, പ്രസ്തുത അപേക്ഷകളിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്നനയപരമായ തീരുമാനത്തിന് അനുസൃതമായി മാത്രമാണ് സ്പെഷ്യൽ മേഴ്സി ചാൻസ് അവസരം നൽകാറുള്ളത്.

ഓഫ് ക്യാമ്പസ് കോഴ്സുകളുടെ സപ്ലിമെന്ററി, മേഴ്സി ചാൻസ് പരീക്ഷകളോടൊപ്പം എല്ലാ അവസരങ്ങളും പൂർത്തിയായ വിദ്യാർത്ഥികൾക്കായി സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷ നടത്തുവാൻ സിൻഡി ക്കേറ്റ് തീരുമാനിച്ചതിൻ പ്രകാരം പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

നിലവിൽ കോഴ്സുകൾക്കെല്ലാം പൊതുവായി ബാധകമായ രീതിയിൽ സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾക്ക് നിയതമായ ഫീസ് വ്യവസ്ഥപ്പെടുത്തി ഉത്തരവുകളൊന്നും പ്രാബല്യത്തിലില്ലാത്തതിനാൽ, ടി പരീക്ഷകൾക്ക് വിദ്യാർത്ഥികളിൽ നിന്നും പരീക്ഷ ഫീസിന് പുറമെ ഈടാക്കേണ്ട തുക നിജപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച സിൻഡിക്കേറ്റ്, പരാമർശം (2) പ്രകാരം സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾക്ക് പരീക്ഷാഫീസിനു പുറമെ 13,000/-രൂപ (പതിമൂവായിരം രൂപ മാത്രം) പ്രത്യേക ഫീസ് ആയി ഈടാക്കുന്നതിന് തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉദയകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എമാർ
3. എ.ആർ / ഡി.ആർ / ജെ.ആർ (അക്കാദമിക്/ പരീക്ഷ)
4. അക്കാദമിക് എ 1 സെക്ഷൻ / ഇ.എൻ സെക്ഷനുകൾ /ഇ എം സെക്ഷൻ
5. എസ് എസ് 1/ എസ് എസ് 2/എ റ്റി ആർ
6. എക്സാം ഓഡിറ്റ് I/II/III എക്സാം ക്യാഷ്/അക്കൌണ്ട്സ് 3
7. ഐ.ക്യൂ.എ.സി / കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/ഐ റ്റി സെൽ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/റെക്കോർഡ് സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 145289/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 27-Sep-2022 03:17 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം